©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ഒക്ടോബർ 9<br>9th October 2018<br>1194 കന്നി 23<br>23rd Kanni 1194<br>1940 ആശ്വിനം 17<br>17th Aswina 1940 | നമ്പർ<br>No. | **40** |

## PART III

# Commissionerate of Land Revenue

# PALAKKAD DISTRICT

## പാലക്കാട് ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ : ശ്രീ. ഡി. ബാലമുരളി ഐ. എ. എസ്.)

നമ്പർ ഡി.5-878/2018/DCPKD. 2018 ആഗസ്റ്റ് 30.

വിഷയം:— ജില്ലയിലെ ടിപ്പർ ലോറികളുടെയും/ട്രിപ്പിംഗ് മെക്കാനിസം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളുടെയും ഗതാഗതസമയം പുനർനിശ്ചയിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്.

പരാമർശം:—(1) 17-4-2014-ാം തീയതിയിലെ സ. ഉ. (പി.) നമ്പർ 13/2014/ഗതാ.

(2) അഡീഷണൽ സെക്രട്ടറി ഗതാഗത (ബി) വകുപ്പിന്റെ 5-6-2018-ാം തീയതിയിലെ സ. ഉ. (സാധാ) 256/2018 ഗതാഗതം നമ്പർ ഉത്തരവ്

(3) ജില്ലാ പോലീസ് മേധാവി പാലക്കാടിന്റെ 4-7-2018-ാം തീയതിയിലെ ഡി2 (എ)-45815/2018/പി നമ്പർ റിപ്പോർട്ട്.

### ഉത്തരവ്

പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം ടിപ്പർ ലോറികളുടെയും/ട്രിപ്പിംഗ് മെക്കാനിസം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളുടെയും കേരള സംസ്ഥാനത്തെ റോഡുകളിലൂടെയുള്ള ഗതാഗതം രാവിലെ 9 മണി മുതൽ 10 മണി വരെയും വൈകുന്നേരം 4 മണി മുതൽ 5 മണി വരെയും നിരോധിച്ചുകൊണ്ട് ഉത്തരവായിരുന്നു.

സ്കൂൾ കോളേജ് കുട്ടികളുടെ സുരക്ഷ കണക്കിലെടുത്ത് ഓരോ സ്ഥലത്തിന്റെയും പ്രാദേശിക സാഹചര്യം പരിഗണിച്ച് ടിപ്പർ ലോറികളുടെയും/ട്രിപ്പിംഗ് മെക്കാനിസം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളുടെയും ഗതാഗത സമയം നിശ്ചയിക്കുന്നതിനുള്ള ചുമതല 1988-ലെ മോട്ടോർ വാഹന നിയമം 115-ാം വകുപ്പ് പ്രകാരം അതാത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നതിനും പ്രസ്തുത നിയന്ത്രണം ഒരു മാസത്തിൽ കൂടുതൽ ആവശ്യമാണെങ്കിൽ ഇതു സംബന്ധിച്ച വിജ്ഞാപനം ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും കൂടാതെ നിയന്ത്രണം സംബന്ധിച്ച് പ്രാദേശിക തലത്തിൽ പ്രചരണം നൽകുന്നതിനും പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ജില്ലയിൽ പ്രവർത്തിക്കുന്ന ഭൂരിഭാഗം സ്കൂളുകളുടെയും കോളേജുകളുടെയും പ്രവൃത്തി സമയം രാവിലെ 8.30 മണി മുതൽ വൈകുന്നേരം 4 മണി വരെയായതിനാൽ ജില്ലയിൽ ടിപ്പർ ലോറികളുടെയും/ട്രിപ്പിംഗ് മെക്കാനിസം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളുടെയും റോഡുകളിലുള്ള ദൈനംദിന ഗതാഗത സമയം രാവിലെ 8.30 മണി മുതൽ 10 മണിവരെയും വൈകുന്നേരങ്ങളിൽ 3.30 മണി മുതൽ 5 മണി വരെയും നിരോധിക്കണമെന്നും ആയത് ജില്ലയിലെ സ്കൂളുകളിലെയും കോളേജുകളിലെയും വിദ്യാർത്ഥികളുടെ സുരക്ഷയ്ക്ക് വളരെ അത്യാവശ്യമാണെന്ന് പരാമർശം (3) പ്രകാരം ജില്ലാ പോലീസ് മേധാവി പാലക്കാട് അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ജില്ലയിൽ ടിപ്പർ ലോറികളുടെയും/ട്രിപ്പിംഗ് മെക്കാനിസം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളുടെയും റോഡുകളിലുള്ള ദൈനംദിന ഗതാഗത സമയം രാവിലെ 8.30 മണി മുതൽ 10 മണിവരെയും വൈകുന്നേരങ്ങളിൽ 3.30 മണി മുതൽ 5 മണി വരെയും നിരോധിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

കളക്ടറേറ്റ്, (ഒപ്പ്)
പാലക്കാട്. ജില്ലാ കളക്ടർ.

---

## Palakkad Taluk

പരസ്യം

(1)

നമ്പർ സി2-2018/5415/9/500. 2018 ജൂലൈ 28.

പാലക്കാട് താലൂക്ക്, പുതുശ്ശേരി ഈസ്റ്റ് വില്ലേജ്, പെരുമാളടിക്കളം, എടുപ്പുകുളം, മേനോൻപാറ പി. ഒ., പാലക്കാട് താമസിക്കുന്ന സിന്ധു, എസ്. എന്നവർ തന്റെ മാതാവ് രാജലക്ഷ്മി, സുനിത നിവാസ്, ഏന്തൽപാലം, നന്ദിയോട് പി. ഒ., പാലക്കാട് എന്നവർ 19-2-2017-ാം തീയതി മരണപ്പെട്ടുവെന്നും ടിയാളുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് കേരള തയ്യൽതൊഴിലാളി ക്ഷേമനിധി ബോർഡിൽ ഹാജരാക്കേണ്ടുന്ന ആവശ്യത്തിനായി സമർപ്പിച്ച ഹർജിയിൻമേൽ വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവരാണ് പരേതയുടെ അനന്തരാവകാശികൾ എന്ന് അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതയുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | സിന്ധു, എസ്. | മകൾ | 43 |
| 2 | ബിന്ദു, എസ്. | ,, | 42 |

മേൽക്കാണിച്ചപ്രകാരം ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിന് ആർക്കെങ്കിലും നിയമാനുസൃതമായ ആക്ഷേപമുള്ളപക്ഷം ആയത് അവർ ഈ പരസ്യം ഗസറ്റിൽ പരസ്യപ്പെടുത്തിയ തീയതി മുതൽ 30 ദിവസത്തിനകം